

# പുത്തൻ കുടയുടേയും പുത്തനുടുപ്പിന്റെയും പിന്നിൽ...

ഒരു വിദ്യാഭ്യാസ വർഷംകൂടി തുടങ്ങുകയാണ്. സ്കൂളുകൾ തുറന്നു. പുതിയ ക്ലാസിലേക്ക് പോകാൻ തയ്യാറായി നില്ക്കുന്ന കുട്ടികളോട് സ്കൂൾ തുറക്കുമ്പോൾ എന്തെല്ലാം വേണമെന്ന് ചോദിച്ചുനോക്കുക. അവർ പറയും: 'പുതിയ ഉടുപ്പ്, പുതിയ ബാഗ്, പുതിയ ചെരുപ്പ്, പുതിയ കുട, പുസ്തകം....'

ഉത്തരം ശ്രദ്ധിക്കുക. ഉപയോഗയോഗ്യമായ ഉടുപ്പും ബാഗും കുടയും ചെരുപ്പും പോരാ. എല്ലാം പുതിയതുതന്നെ വേണം.

കുട്ടികളെ ഈ 'പുത്തൻ' താത്പര്യക്കാരാക്കിയത് മേൽപ്പറഞ്ഞ ഉത്പന്നങ്ങൾ നിർമിക്കുന്ന നിർമാതാക്കൾ വ്യത്യസ്ത മാധ്യമങ്ങളിലൂടെ കുലംകുത്തിയൊഴുക്കുന്ന പരസ്യങ്ങളാണ്. ഓരോ സ്കൂൾ വർഷവും പുതിയ സാമഗ്രികളുമായി പഠനം തുടങ്ങാൻ കുട്ടികളിൽ പ്രേരണ ചെലുത്തുന്ന വർണാഭമായ പരസ്യങ്ങൾ കുഞ്ഞുമനസ്സുകളിൽ സ്വാധീനമുണ്ടാക്കുക തന്നെ ചെയ്തു.

ഇന്നത്തെ രക്ഷാകർത്താക്കൾക്ക് മുൻതലമുറയിലെ രക്ഷാകർത്താക്കളെപ്പോലെ അര ഡസനും ഒരു ഡസനും കുട്ടികളില്ല എന്നതുകൊണ്ട് ഉള്ള രണ്ടോ മൂന്നോ കുട്ടികൾക്ക് സാധ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ ഇന്നത്തെ രക്ഷാകർത്താക്കൾ തയ്യാറാണ്. അതിൽ തെറ്റൊന്നുമില്ലതാനും.

പക്ഷേ, പുതിയതല്ല എന്ന ഒറ്റക്കാരണത്താൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു ബാഗോ ചെരുപ്പോ വേണ്ടെന്നു വയ്ക്കുമ്പോൾ, ഒരു ബാഗിന്റെയോ ചെരുപ്പിന്റെയോ പണം മാത്രമല്ല നമ്മൾക്കു നഷ്ടമാവുന്നത്- ഒരു ശീലം, അഥവാ ഒരു സംസ്കാരം തന്നെയാണ്.

തുന്നിച്ചേർത്തും ഓട്ടയടച്ചും വിളക്കിച്ചേർത്തും എല്ലാ സാധനസാമഗ്രികളും ഇനി ഉപയോഗിക്കാനാവില്ല എന്ന അവസ്ഥയിലെത്തുന്നതുവരെ ഉപയോഗിച്ചുവന്നിരുന്ന, 'ഉപേക്ഷിക്കുംമുമ്പേ പരമാവധി ഉപകാരപ്പെടുത്തുക' എന്ന മഹനീയമായ ഒരു നയമായിരുന്നു നമ്മൾ പിന്തുടർന്നുവന്നിരുന്നത്. അതിനുപകരം, 'പുതുമ നഷ്ടപ്പെട്ടാൽ വലിച്ചു ദൂരെയെറിയുക' എന്ന പാശ്ചാത്യ സംസ്കാരമാണ് ഈ 'പുത്തൻ' പ്രേമത്തെ അംഗീകരിക്കുന്നതിലൂടെ നാം നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്നുകൊടുക്കുന്നത്.

പുതുമ മങ്ങാത്ത സാധനങ്ങൾ മാത്രമാണ് നന്ന് എന്ന മനോഭാവം ചെറുപ്രായത്തിലെ കുഞ്ഞുമനസ്സിലിടംപിടിച്ചാൽ കുട്ടികൾ വളർന്നുവരുമ്പോൾ അവരുടെ ജീവിതവീക്ഷണത്തെത്തന്നെ അതു ബാധിക്കും.